# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-152 09.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ പിൻവലിക്കുന്ന കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി. |
| (എ) ഇന്ത്യൻ ശിക്ഷാനിയമ പ്രകാരമുള്ള വിചാരണയും ശിക്ഷയും ഒഴിവാക്കാൻ സർക്കാർ കേസുകൾ പിൻവലിക്കുന്നത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; | (എ) അതെ, പൊതുജന വിരുദ്ധമായിട്ടുള്ളതും, പോലീസിനെതിരെയുള്ള ആക്രമണം, പൊതുജനങ്ങൾക്ക് നേരെ ആക്രമണം, പതിനായിരം രൂപയ്ക്കുമേൽ പൊതു മുതൽ നാശനഷ്ടം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് സർക്കാരിന് ഉത്തമബോധ്യമുള്ള കേസുകൾ പിൻവലിക്കുന്നതിന് അനുമതി നൽകാറില്ല. ഒരു പ്രോസിക്യൂഷൻ കേസ് പിൻവലിക്കാൻ തീരുമാനിച്ചാൽ അതുമായി ബന്ധപ്പെട്ട കൗണ്ടർ കേസുകൾ പിൻവലിക്കുന്നതാണ്. കേസ് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നത്. |
| (ബി) കോടതി വിചാരണയുടെ വിവിധ ഘട്ടങ്ങളില് ഗുരുത കേസുകൾ സർക്കാര് പിൻവലിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |

(തുടർച്ച...2)

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ നാളിതുവരെ കേസ് പിൻവലിക്കുന്നതിന് നൽകിയ ഉത്തരവുകളുടെ കണക്കുകൾ ലഭ്യമാണോ; വിജിലൻസ് കേസുകൾ ഏതെങ്കിലും പിൻവലിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) | 3152 ഉത്തരവുകൾ.<br>4 വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | കേസ് പിൻവലിച്ചുകിട്ടുന്നതിലേക്ക് സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ കണക്കുകൾ ലഭ്യമാണോ; അവയിൽ വിജിലൻസ് കേസുകൾ ഉണ്ടോ? വിശദമാക്കാമോ? | (ഡി) | 1278 എണ്ണം.<br>1 വിജിലൻസ് കേസ്. കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെയുള്ള സി.സി.31/14 പിൻവലിക്കുന്നതിന് ശ്രീ.ജോർജ്ജ് പോത്തൻ സമർപ്പിച്ച അപേക്ഷ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പിൻവലിച്ച നാലു കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. **വി.സി.03/1997/കെ.എസ്.ഡി.**

ശ്രീ.സുന്ദർസിംഗും മറ്റ് രണ്ട് പേരും 1997.ൽ (കൃഷി ഓഫീസർ, ഗൗളിമുഖ, കാസർകോഡ് ജില്ല) 75,000/- രൂപ ദുർവിനിയോഗം ചെയ്തതായ ആരോപണത്തിന്മേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18.01.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി.)11/2014/വിജി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആകുകയും 17.04.2014.ൽ കോഴിക്കോട് കോടതി അത് അംഗീകരിക്കുകയും ചെയ്തു.

2. **വി.സി.01/2001/എ.എൽ.പി.**

ശ്രീ.കെ.കെ.ശശിധരൻ, (മുൻ.ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ്), ശ്രീ.കെ.ബാബു (എൻജിനീയർ), ശ്രീ.സി.എസ്.സുകുമാരപണിക്കർ (കോൺട്രാക്ടർ), ശ്രീ.ആർ.ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റന്റ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15,907/- രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിന്മേലുള്ള കേസ് 30.03.2012 തീയതിയിലെ ജി.ഒ.(എം.എസ്) 13/2012/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവാകുകയും 31.03.2014.ൽ കോട്ടയം കോടതി അംഗീകരിക്കുകയും ചെയ്തു.

3. **വി.സി.06/2009/സി.ആർ.ഇ. &**
4. **വി.സി.07/2009/സി.ആർ.ഇ.**

ശ്രീ.ജി.മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ) 2005-2006 കാലയളവിൽ മാസ ശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20.06.2012.ലെ 31/2012/വിജി എന്ന സർക്കാർ ഉത്തരവ് പ്രകാരം 25.09.2012.ൽ തൃശൂർ വിജിലൻസ് കോടതി പിൻവലിച്ചു.

സെക്ഷൻ ഓഫീസർ